

TUESDAY 19/11/2024 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor:** Nizam S A **Editor:** Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 19/11/2024

1. അന്താരാഷ്ട്ര മണ്ണ് ദിനാചരണത്തിന്റെ ഭാഗമായി ആലപ്പുഴ ജില്ലാ മണ്ണ് പര്യവേക്ഷണ, മണ്ണ് സംരക്ഷണ വകുപ്പ് ആഭിമുഖ്യത്തിൽ പെയിന്റിംഗ്, ഉപന്യാസരചന മത്സരങ്ങൾ നടത്തുന്നു. പെയിന്റിംഗ് മത്സരത്തിൽ യു.പി, ഹൈസ്കൂൾ വിഭാഗത്തിലുള്ള കുട്ടികൾക്കും ഉപന്യാസരചനയിൽ ഹൈസ്കൂൾ, ഹയർസെക്കൻഡറി വിഭാഗം കുട്ടികൾക്കും മത്സരിക്കാം. ഓരോ ഇനത്തിലും ജില്ലയിലെ ഓരോ സ്കൂളിൽ നിന്നും മൂന്ന് മത്സരാർത്ഥികളെ വീതം പങ്കെടുപ്പിക്കാവുന്നതാണ്. എല്ലാമത്സരങ്ങളും നവംബർ 23 ശനിയാഴ്ച രാവിലെ 9.30 മുതലാണ് സംഘടിപ്പിച്ചിരിക്കുന്നത്. മണ്ണ്, പ്രകൃതി, പരിസ്ഥിതി എന്നിവയോടനുബന്ധിച്ച വിഷയങ്ങളിലാണ് മത്സരം. മത്സരാർത്ഥികളുടെ പേരു വിവരങ്ങൾ നവംബർ 21 വ്യാഴാഴ്ച വൈകുന്നേരം നാലു മണിക്ക് മുൻപായി adssalappuzha@gmail.com എന്ന ഓഫീസ് ഇ-മെയിൽ മുഖാന്തിരമോ ഓഫീസ് ഫോൺ 0477 2236293/9495496266 വഴി നേരിട്ടോ അറിയിക്കണം. പങ്കെടുക്കുന്ന വിദ്യാർഥികൾ അതത് സ്കൂളിന്റെ ഐഡികാർഡുമായി വരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ആലപ്പുഴ ഇന്ദിര ജംഗ്ഷന് പടിഞ്ഞാറുവശം ടൈനി ടോട്സ് സ്കൂളിന് സമീപം പ്രവർത്തിക്കുന്ന മണ്ണ് പര്യവേക്ഷണ ഓഫീസുമായി ബന്ധപ്പെടുക.

2. കേരള കാർഷിക സർവകലാശാലയ്ക്ക് കീഴിൽ തൃശ്ശൂർ വെള്ളാനിക്കരയിൽ ഉള്ള കാർഷിക കോളേജ് 2024-25 അധ്യയന വർഷത്തിൽ ബി.എസ്.സി (ഓണേഴ്സ്) ഹോർട്ടികൾച്ചർ കോഴ്സിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തീയതി 03.12.2024. വിശദവിവരങ്ങൾക്ക്

മാധ്യമ സഹായി / watermark

www.admissions.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. അന്വേഷണങ്ങൾക്ക് 0487 2438139 എന്ന നമ്പറിൽ ഓഫീസ് സമയത്ത് ബന്ധപ്പെടാവുന്നതാണ്.

**പരിശീലന പരിപാടി**

3. ക്ഷീരവികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീരകർഷകർക്ക് വിവിധ വിഷയങ്ങളിൽ നവംബർ 20, 21 എന്നീ തീയതികളിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 9388834424/9446453247 എന്നീ നമ്പരുകളിൽ വിളിക്കുക അല്ലെങ്കിൽ വാട്സ് അപ്പ് ചെയ്യുക.

4. ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള ഓച്ചിറ ക്ഷീരോൽപന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് 2024 നവംബർ 21, 22 തീയതികളിലായി **'സുരക്ഷിതമായ പാൽ ഉല്പാദനം'** എന്ന വിഷയത്തിൽ 2 ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. താൽപ്പര്യമുള്ള ക്ഷീരകർഷകർ ഓച്ചിറ ക്ഷീരപരിശീലന കേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ, കൊല്ലം ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരമോ, അതാത് ബ്ലോക്ക് ക്ഷീരവികസന ഓഫീസർമാർ മുഖാന്തിരമോ രജിസ്റ്റർ ചെയ്യാവുന്നതാണ്. 3 വർഷങ്ങളിലെപ്പോഴെങ്കിലും ഇതേ പരിശീലനത്തിൽ ഓഫ് ലൈൻ ആയി പങ്കെടുത്തിട്ടുള്ളവർക്ക് ഈ പരിശീലനത്തിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. പരിശീലനാർത്ഥികൾ 2024 നവംബർ 20-ന് വൈകുന്നരം 5 മണിക്ക് മുമ്പായി 8089391209, 0476 2698550 ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പും ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പും പരിശീലനത്തിനെത്തുമ്പോൾ ഹാജരാക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20/ രൂപ.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

5. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തൃശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **'നഴ്സറി പരിപാലനവും പരിചരണ മുറകളും'** എന്ന വിഷയത്തിൽ 2024 നവംബർ 20 ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300 രൂപ. താൽപര്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പറിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

6. പെരുവണ്ണാമൂഴി കൃഷി വിജ്ഞാന കേന്ദ്രത്തിൽ ഇന്ന് (നവംബർ 19) ചിപ്പിക്കൂൺ കൃഷിയിലും നവംബർ 20 നു പോഷകത്തോട്ടം നിർമാണത്തിലും നവംബർ 21 നു അലങ്കാര മൽസ്യ കൃഷി പ്രജനനവും പരിപാലനവും എന്ന വിഷയത്തിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ 04962966041

7. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിനു കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തിയിൽ **'ശുദ്ധജല മത്സ്യകൃഷി'**(തിലാപ്പിയ,വരാൽ) എന്ന വിഷയത്തിൽ 28.11.24-ന് പരിശീലനം സംഘടിപ്പിക്കും. 550/- രൂപയാണ് ഫീസ്. പങ്കെടുക്കാനാഗ്രഹിക്കുന്നവർ ഓഫീസ് സമയങ്ങളിൽ 0487 2370773എന്ന ഫോൺ നമ്പറിൽ 26.11.2024, ന് മുമ്പായി ബന്ധപ്പെടുക.

8. റബ്ബർതോട്ടങ്ങളിൽനിന്ന് ശേഖരിക്കുന്ന ഒട്ടുപാലിന് പരമാവധി വില ലഭിക്കുന്നതിനായി അവ സംഭരിച്ച് സൂക്ഷിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. ഇത് സംബന്ധമായ ചോദ്യങ്ങൾക്ക് 2024 നവംബർ 20ാം തീയതി ബുധനാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ റബ്ബർബോർഡുകമ്പനിയായ കവണാർ ലാറ്റക്സ് ലിമിറ്റഡിന്റെ മാനേജിങ് ഡയറക്ടർ ഫോണിലൂടെ മറുപടി പറയും. കോൾസെന്റർ നമ്പർ 04812576622.

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം